**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6151** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിനെ സമഗ്ര പുരോഗതിയിലേക്ക് നയിക്കുന്നതിനായി സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | കേരളത്തിന്റെ സ്വന്തം ബാങ്ക് എന്ന വിശേഷണത്തോടെ, കേരള സർക്കാരിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ധനകാര്യ സംരംഭമായ കേരള ബാങ്കിനെ സമഗ്ര പുരോഗതിയിലേക്ക് നയിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള ബാങ്ക് രൂപീകരണത്തോട് കൂടി സംസ്ഥാനത്തെ ത്രിതല വായ്പ ഘടന ദ്വിതലത്തിലേക്ക് പരിവർത്തനം ചെയ്ത്, വായ്പ പലിശ നിരക്ക് കുറയ്ക്കാനും, സഹകരണ ബാങ്കിംഗ് മേഖലയെ ശാക്തീകരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. കേരള ബാങ്ക് രൂപീകരണത്തിന് ശേഷം കേരളത്തിലെ പൊതു ജനങ്ങൾക്കും, ബാങ്ക് ജീവനക്കാർക്കും, കേന്ദ്ര സംസ്ഥാന ജീവനക്കാർക്കും, സഹകാരികൾക്കും, ദേശസാൽകൃത, മറ്റ് പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആയത് വിപുലമായ രീതിയിൽ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള ബാങ്ക് രൂപീകരണത്തിന് ശേഷം റിസർവ് ബാങ്ക് നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി മൂലധന പര്യാപ്തതയുടെ നിലവാരം നിലനിർത്തുന്നതിനായി സർക്കാർ ഓഹരിയായി ധനസഹായവും നൽകിയിട്ടുണ്ട്. നിലവിൽ കേരളബാങ്കിൽ സർക്കാരിന് 42% ഓഹരി വിഹിതമുണ്ട്.<br><br>കേരളത്തിന്റെ വികസന പ്രക്രിയയിൽ കേരള ബാങ്കിന്റെ പങ്ക് കൂടുതൽ വിപുലമാക്കുന്നതിന് പ്രാഥമിക സംഘങ്ങളും, തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ ശുപാർശകൾ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി സർക്കാർ വിദഗ്ധ സമിതി രൂപികരിച്ചിട്ടുണ്ട്.<br><br>സർക്കാർ അനുമതിയോടും, റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും 570 കോടി രൂപ വായ്പാ സംഘങ്ങളിൽ നിന്നും Long Term Subordinated Debt ആയി സമാഹരിക്കുന്നതിന് സാധിച്ചതിലൂടെ ബിസിനസ് വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ബാങ്കിന് സാധിച്ചു.<br><br>വായ്പാ പദ്ധതികൾ ഏകീകരിക്കുകയും എല്ലാ ജനവിഭാഗങ്ങൾക്കും അനുയോജ്യമായ രീതിയിൽ പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും ബാങ്കിന് സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ കേരള ബാങ്കിന്റെ സംഭാവന എന്താണ്; വിശദാംശം നൽകുമോ; | (ബി) | കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ചു കൊണ്ട് കേരള സംസ്ഥാനത്തിനാകെ ഒരു സ്വന്തം ബാങ്ക് എന്ന നിലയിൽ കേരള ബാങ്ക് പ്രവർത്തിച്ചു വരുന്നു. കേരള ബാങ്ക് രൂപീകരണത്തിലൂടെ കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ താഴെ പറയുന്ന ഗുണങ്ങൾ ഉണ്ടായിട്ടുണ്ട്.<br><br>ത്രിതല ബാങ്കിങ് മേഖലയിൽ നിന്ന് ദ്വിതല ബാങ്കിങ് മേഖലയിലേക്ക് മാറ്റം.<br><br>വായ്പാ പലിശ നിരക്കിൽ കുറവുണ്ടായത്.<br><br>കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്മാക്കി നബാർഡ് സബ്സിഡിയോട് കൂടി 1 % പരിശ നിരക്കിൽ PACS as MSC വായ്പകൾ നൽകി വരുന്നു.<br><br>ഉത്പാദന സേവന മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള 15 -ലധികം MSME വായ്പകൾ കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ ബാങ്കിലേക്കും, ജില്ലാ സഹകരണ ബാങ്കുകളിലേക്കുമുള്ള രണ്ട് ബാങ്കിംഗ് ചാർജ്ജുകൾ ലയനത്തോടെ ഇല്ലാതായി.<br><br>സഹകരണ ബാങ്കുകൾക്ക് ഇപ്പോഴുള്ള അടിസ്ഥാനവികസന പ്രതിസന്ധി ഇല്ലതാകും.<br><br>കിട്ടാക്കടത്തിന് പരിഹാരം.<br><br>അംഗങ്ങൾക്ക്/ഇടപാടുകാർക്ക് ഇന്ത്യയിലെ മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകി വരുന്ന എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കുറഞ്ഞ |

| | | | |
|---|---|---|---|
| | | | നിരക്കിൽ കരഗതമാകുന്നു. RTGS/NEFT, CTS, clearing, സമ്പൂർണ്ണ CBS സംവിധാനം, UPI സേവനങ്ങൾ എന്നിവയും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനായുള്ള KB Prime Plus, വ്യക്തിഗത ഉപഭോക്താക്കൾക്കായി KB Prime തുടങ്ങി 2 പുതിയ മൊബൈൽ ആപ്ലിക്കേഷനുകളും പ്രവർത്തന ക്ഷമമാണ്. KB Prime ആപ്പ് വഴി ഓൺലൈൻ പെയ്മെന്റ്, ഇ കോമേഴ്സ്, ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ UPI സൗകര്യങ്ങളും IMPS, NEFT, Bill Payment സേവനങ്ങളും, Google Pay, Phone Pay, Paytm സൗകര്യങ്ങളും ലഭ്യമാണ്. കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാവുകയും, അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾഗ്രാമീണ ഉണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും<br><br>കേരള ബാങ്കിന്റെ സാമ്പത്തികസ്ഥിതി ശക്തമാകയാൽ നബാർഡിൽനിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കാനും സാധ്യമാകും.<br><br>മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു.<br><br>സഹകരണ വായ്പാ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും യുവജനങ്ങളെ സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുന്നതിനുമായി പ്രത്യേക പദ്ധതി നടപ്പിലാക്കി വരികയും, ഓരോ വീട്ടിലും ഒരു സഹകരണ ബാങ്ക് അക്കൗണ്ട് എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>മേൽ പ്രവർത്തനങ്ങളിലൂടെ കേരള സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കേരള ബാങ്കിന് നല്ല രീതിയിൽ ഇടപെടലുകൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | മുൻഗണനാ മേഖലയിൽ മറ്റു ബാങ്കുകളുടെയും കേരള ബാങ്കിന്റെയും വായ്പാ വിഹിതം താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേരള ബാങ്കിന്റെ ആകെ വായ്പാ ബാക്കി നിൽപ്പ് 30.06.2024 ലെ കണക്കുകൾ പ്രകാരം 48,645.21 കോടി രൂപയാണ്. ആയതിൽ Agriculture, MSME, Microfinance, Housing, Education എന്നിവ ഉൾപ്പെടുന്ന മുൻഗണനാ മേഖലയിൽ ബാങ്കിന്റെ |

| | | | |
|---|---|---|---|
| | | | ആകെ വായ്പാ ബാക്കി നിൽപ്പ് 22,303 കോടി രൂപയാണ്. ആയത് ആകെ വായ്പാ ബാക്കി നിൽപ്പിന്റെ 45.84% ആണ്. |
| (ഡി) | കേരള ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കേരളത്തിലെ 13 ജില്ലാ സഹകരണ ബാങ്കുകളും കേരളാ സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് 29.11.2019 ൽ കേരള ബാങ്ക് രൂപീകരിച്ചതിനെ തുടർന്ന് ഒക്ടോബർ 2021 ൽ ബാങ്കിൽ IT ഇന്റഗ്രേഷൻ പ്രവർത്തങ്ങൾ ആരംഭിച്ചു. 14 തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംവിധാനങ്ങളെ ഏകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ 2022 ഡിസംബർ 26-ന് പൂർത്തീകരിക്കുവാൻ സാധിച്ചു. ഇതു വഴി ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ അംഗങ്ങൾക്കും, ഇടപാടുകാർക്കും നൽകുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ